ടോമാ കെയർ യൂണിറ്റിനുവേണ്ട എല്ലാ സൗകര്യങ്ങളുമൊരുക്കിയിട്ട് നാളുകൾ കുറേയായി. അവിടെ ടോമാ കെയർ സംവിധാനം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണം. ഈ പ്രദേശത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടും പശ്ചാത്തല സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടും അനുവദിച്ച കാരുണ്യ ഡയാലിസിസ് യൂണിറ്റുകൾ അടിയന്തരമായി ആരംഭിക്കണം. കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-നെയാണ് ഇത് ഏൽപ്പിച്ചിരിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവർക്ക് കഴിയില്ലെങ്കിൽ നല്ലൊരു ഏജൻസിയെ ഏല്പിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ആ ബ്ലോക്കിൽ ടോമാ കെയർ യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കൊട്ടാരക്കര താലൂക്കാശുപത്രിയിൽ കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 5-2-2013-ൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായി. തുടർന്ന് ഈ യൂണിറ്റിനാവശ്യമായ എസ്റ്റിമേറ്റ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ടാക്സസ് വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചുവെങ്കിലും അനുമതി ലഭ്യമായിട്ടില്ല. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കെ.എം.എസ്.സി.എൽ. മുഖേന തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിൽ 27 ഡയാലിസിസ് സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. ഇത് പൊതുവായിട്ടുള്ള ഒരു പ്രശ്നമാണ്. ഇത് സംബന്ധിച്ച് ഇന്ന് ബഹു. മുഖ്യമന്ത്രി ഒരു മീറ്റിംഗ് വിളിച്ചിട്ടുണ്ട്. അതിലേക്കുവേണ്ടുന്ന നടപടികൾ ഇന്നുതന്നെ സ്വീകരിക്കുന്നതാണ്. 14-8-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ടോമാ കെയർ യൂണിറ്റ് അനുവദിക്കുകയുണ്ടായി. ഇതിന്റെ ഒന്നാംഘട്ട നിർമ്മാണം 2.3 കോടി രൂപ ചെലവിൽ 31-3-2013-ൽ കെ.എസ്.ടി.പി.-യുടെയും ലോകബാങ്കിന്റെയും സംയുക്ത ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കി. രണ്ടാംഘട്ട നിർമ്മാണം എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് 17-7-2015-ന് പൂർത്തിയാക്കിയിട്ടുണ്ട്. കെ.എസ്.ടി.പി.-യുടെ സേഫ് കോറിഡോർ പ്രോജക്ടിലുൾപ്പെടുത്തി ടോമാ കെയർ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾക്കായി 324.80 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കെ.എസ്.ടി.പി. പ്രോജക്ട് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ടോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

VI മേശപ്പുറത്തുവച്ച കടലാസുകൾ

(1) ചട്ടം 47(2) പ്രകാരമുള്ളത്

1. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 728, പന്ത്രണ്ടാം സമ്മേളനത്തിലെ 738, 4286, 4337, പതിമൂന്നാം സമ്മേളനത്തിലെ 719, 2378, 2402, 2424, 2425, 2429, 2435, 2466, 2478, പതിനാലാം സമ്മേളനത്തിലെ 4838, 2295 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ്.

2. ജലവിഭവ വകുപ്പുമന്ത്രിക്കു വേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 3586 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ്.

3. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 935, 948 പതിനാലാം സമ്മേളനത്തിലെ 3651, 5948 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ്.

4. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 8286, പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 223, നക്ഷത്രചിഹ്നമിടാത്ത 2632, 2643, 2652, 2660, പതിനാലാം സമ്മേളനത്തിലെ 3704, 5030 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ്.

LIBRARY ARCHIVES Kerala Legislative Assembly